**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **05-08-2021 - ൽ മറുപടിയ്ക്ക്**

**ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുമതിയുള്ള എത്ര ക്രഷർ/ക്വാറികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ജില്ല ക്വാറികളുടെ ക്രഷറുകളുടെ എണ്ണം എണ്ണം QL+QP+CRPS RMCU+DL തിരുവനന്തപുരം 57 21 കൊല്ലം 25 54 പത്തനംതിട്ട 55 24 ആലപ്പുഴ 5 11 കോട്ടയം 25 44 ഇടുക്കി 19 29 എറണാകുളം 61 88 തൃശ്ശൂർ 27 50 പാലക്കാട് 61 61 മലപ്പുറം 106 85 കോഴിക്കോട് 61 72 വയനാട് 5 20 കണ്ണൂർ 62 97 കാസർഗോഡ് 14 21 583 677 |
| (ബി) | ക്വാറി ഉത്പന്നങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരിമൂലം നിലനിൽക്കുന്ന നിയന്ത്രണങ്ങൾ കാരണം ക്വാറി ഉത്പന്നങ്ങൾക്ക് ലഭ്യതക്കുറവും വിലക്കയറ്റവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മണലിന് പകരമായി ഉപയോഗിച്ചുവരുന്ന എം സാന്റ്, പി സാന്റ് തുടങ്ങിയ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യതക്കുറവ് മൂലം നിർമ്മാണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോവിഡ് മഹാമാരിമൂലം നിലനിൽക്കുന്ന നിയന്ത്രണങ്ങൾ കാരണം ക്വാറി ഉത്പന്നങ്ങൾക്ക് ലഭ്യതക്കുറവും വിലക്കയറ്റവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതിനു പരിഹാരമായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തുനിന്നോ മണൽ ഇറക്കുമതിക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | എം സാന്റ്, പി സാന്റ് തുടങ്ങിയ ക്വാറി ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ക്രഷറോട് കൂടിയതും അല്ലാത്തതുമായ 1133 യൂണിറ്റുകൾക്ക് ഡീലേഴ്സ് ലൈസൻസ് അനുവദിച്ച് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യപ്പെട്ട മണൽ ചട്ടപ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ച് വിപണനം നടത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ നിന്നും അനുമതി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ